# EQUIP 2021

(Education Quality Improvement Programme for class ten)

LEAP

## STUDENT SUPPORT MATERIAL
## for Class Ten

(Malayalam Medium)

DIET KASARAGOD

*JANUARY 2021*

# EQIP 2021

*(Education Quality Improvement Programme for Class Ten)*

**Learn | Think | Grow**

## SOCIAL SCIENCE I

**Student Support Material for Class Ten**

DIET KASARAGOD

## അധ്യായം 1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

പ്രധാന ആശയങ്ങൾ


1. അമേരിക്കൻ സ്വാതന്ത്ര്യസമരം
2. ഫ്രഞ്ചു വിപ്ലവം
3. ചൈനീസ് വിപ്ലവം

4.ചൈനീസ് വിപ്ലവം

ഉപാശയങ്ങൾ

1. ആദ്യകാല വിപ്ലവങ്ങൾക്ക് പ്രേരകമായ പ്രധാന ഘടകമാണ് നവോത്ഥാനമനം
2. അമേരിക്കൻ ബ്രിട്ടീഷുകാർ 13 കോളനികൾ സ്ഥാപിച്ചു.
3. കോളനി നിവാസികളുടെ പ്രധാന മുദ്രാവാക്യം 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല'
4. മെർക്കന്റലിസ്റ്റ് നിയമങ്ങൾ
5. ജോൺ ലോക്ക്,തോമസ് പെയിൻ തുടങ്ങിയ ചിന്തകരുടെ സ്വാധീനം
6. കോൺടിനെന്റൽ കോൺഗ്രസ്സും അമേരിക്കൻ ഐക്യനാടും
7. അമേരിക്കൻ സ്വാതന്ത്യസമരത്തിന്റെ സ്വാധീനം

1. പദസൂര്യൻ പൂർത്തിയാക്കുക




ഉത്തരസൂചിക

എ) ശാസ്ത്രാവബോധം
ബി) അന്വേഷണ കൗതുകം
സി) വിമർശന ബുദ്ധി
ഡി) പ്രാദേശിക ഭാഷകളുടെ വളർച്ച


2. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനം നൽകിയ ചിന്തകന്മാരും അവരുടെ ആശയങ്ങളും വിശദമാക്കുക?

**ഉത്തരസൂചിക**

ജോൺ ലോക്ക് - മനുഷ്യന് ചില മൗലിക അവകാശമുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

തോമസ് പെയിൻ - ഏതെങ്കിലും വിദേശശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (അമേരിക്ക) ദീർഘകാലം കീഴടക്കി കഴിയണമെന്നത് യുക്തി നിരക്കുന്നതല്ല.

3. പദസൂര്യൻ പൂർത്തിയാക്കുക




**ഉത്തരസൂചിക**

- ജനങ്ങളുടെ ഭരണപങ്കാളിത്തം
- ഭരണ പങ്കാളിത്തം നൽകാതെ നികുതി പിരിക്കാൻ പാടില്ല
- പ്രാതിനിധ്യമില്ലാത്ത ഭരണം ജനവിരുദ്ധമാണ്.

4. മെർക്കന്റലിസം എന്നാലെന്ത്?

വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും നിർമ്മിച്ചവ വിറ്റഴിക്കുന്നതിനുമായി യൂറോപ്യന്മാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നിയമം.

5. മെർക്കന്റലിസ്റ്റ് നിയമങ്ങൾ?

**ഉത്തരസൂചിക**

- കോളനികളിലെ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ്
- കോളനികളിൽ ഉല്പാദിപ്പിക്കുന്നവ കയറ്റുമതി ഇംഗ്ലണ്ടിലേക്ക് മാത്രം
- കോളനികളിൽ ഇംഗ്ലീഷുകാരുടെ സൈന്യത്തെ നിലനിർത്തുക
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്നവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം

6. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയതെന്ന്? നേതൃത്വം നൽകിയവർ ആരൊക്കെയായിരുന്നു ?

**ഉത്തരസൂചിക :** - 1776 ജൂലൈ 4ന്

- തോമസ് ജെഫെഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

7. അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്ക് നയിച്ച വിവിധ സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് തയ്യാറാക്കുക?

മെർക്കന്റലിസറ്റ് നിയമങ്ങൾ

↓

ചിന്തകൻമാരുടെ സ്വാധീനം

↓

പ്രാതിനിധ്യമില്ലാതെ നികുതിയില്ല

↓

ബോസ്റ്റൺ ടീ പാർട്ടി

↓

1774 ഓന്നാം കോൺടിനെൻറൽ കോൺഗ്രസ്

↓

1775 രണ്ടാം കോൺടിനെന്റൽ കോൺഗ്രസ്

↓

1776 സ്വാതന്ത്ര്യപ്രഖ്യാപനം

↓

1781 യുദ്ധം അവസാനിച്ചു

↓

1783 പാരീസ് ഉടമ്പടി

(ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു)

8. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റ് ?

ജോർജ് വാഷിങ്ടൻ

9. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ നിന്നും കണ്ടെത്താം?

- എല്ലാ മനുഷ്യരും തുല്യരാണ്
- എല്ലാ മനുഷ്യർക്കും ചില അവകാശങ്ങളുണ്ട്
- ഭരണകൂടത്തെ മാറ്റുന്നതിനും ഇല്ലാതാക്കുന്നതിനും ഉള്ള അധികാരം ജനങ്ങൾക്കുണ്ട്.
- അവകാശങ്ങൾ നേടിയെടുക്കാൻ ഭരിക്കപ്പെടുന്നവരുടെ അംഗീകാരം ലഭിച്ച ഭരണ കൂടങ്ങൾ രൂപീകരിക്കണം.

10. പിൽക്കാല ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരം ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

**ഉത്തരസൂചിക**

- പിൽക്കാല വിപ്ലവങ്ങൾക്ക് പ്രചോദനമേകി
- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി
- റിപ്പബ്ലിക്കൻ ഭരണസമിതി എന്ന ആശയം
- ഫെഡറൽ രാഷ്ട്രം എന്ന ആശയം
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന

11. അമേരിക്കൻ സ്വാതന്ത്ര്യസമരം മുന്നോട്ടുവെച്ച എന്തെല്ലാം ആശയങ്ങളാണ് ഇന്ത്യൻ ഭരണഘടനയിൽ കാണാൻ കഴിയുന്നത്?

**ഉത്തരസൂചിക**

- മനുഷ്യാവകാശങ്ങൾ
- റിപ്പബ്ലിക്കൻ ഭരണരീതി
- എഴുതപ്പെട്ട ഭരണഘടന
- ഫെഡറൽ സംവിധാനം

12. **ഫ്രഞ്ച് വിപ്ലവം**

**ആശയങ്ങൾ**

- ഫ്രഞ്ചുവിപ്ലവത്തിന്റെ കാരണങ്ങൾ
- വിപ്ലവത്തിലിടയാക്കിയ സാമൂഹ്യഘടന
- ചിന്തകന്മാരുടെ സ്വാധീനം - വോൾട്ടയർ - റൂസ്സോ - മൊൺടെസ്ക്യ ഫിലോസഫുകൾ
- ദേശീയ അസംബ്ലിയും ബാസ്തിയൻ കോട്ടയുടെ പതനവും
- മനുഷ്യാവകാശ പ്രഖ്യാപനം
- ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രാധാന്യം ലോക ചരിത്രങ്ങൾ
- നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ

13. ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക

കർഷകർ —— പുരോഹിതർ —— പ്രഭുക്കന്മാർ

| | | |
|---|---|---|
| ? | ഒന്നാമത്തെ എസ്റ്റേറ്റ് | ? |

**ഉത്തരസുചിക**

- കർഷകർ ഒന്നാമത്തെ എസ്റ്റേറ്റ്
- പ്രഭുക്കന്മാർ - രണ്ടാമത്തെ എസ്റ്റേറ്റ്

14. ഫ്രഞ്ചുവിപ്ലവകാലത്തെ ഫ്രഞ്ച് സമൂഹം

| ഒന്നാമത്തെ എസ്റ്റേറ്റ് | രണ്ടാമത്തെ എസ്റ്റേറ്റ് | മൂന്നാമത്തെ എസ്റ്റേറ്റ |
|---|---|---|
| പുരോഹിതർ<br>- അവകാശങ്ങളും ആന കൂല്യങ്ങളും ലഭിച്ചു<br>- നികുതി ഇളവ്<br>- ഉയർന്ന പദവികൾ<br>- കർഷകരിൽ നിന്നും നികുതി പിരിച്ചു | പ്രഭുക്കന്മാർ<br>- നികുതി ഇളവ്<br>- ആഡംബര ജീവിതം<br>- കൈവശം ധാരാളം ഭൂപ്ര ദേശം<br>- കർഷകരിൽ നിന്നും നികതി പിരിച്ചു | - കച്ചവടക്കാർ,എഴുത്തുകർ,അഭി<br>- ഭാഷകർ,കർഷകർ,മധ്യവർഗ്ഗം<br>- ഭരണത്തിൽ അവകാശമില്ല<br>- താഴ്ന്ന സാമൂഹ്യ പദവി<br>- സർക്കാരിന് നികുതി നൽക്കണം<br>- പ്രഭുക്കന്മാർക്കും പുരോഹി തർക്കും നികുതി നൽക്കണം |

15. ഫ്രഞ്ചുവിപ്ലവം പിൽക്കാല ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക.

- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.
- ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം
- ജനകീയ പരമാധികാരം
- ദേശീയതയുടെ ആവിർഭാവം
- മധ്യവർഗ്ഗത്തിന്റെ വളർച്ച
- സ്വേച്ഛാധിപത്യത്തിന് ഭീഷണിയായി.

16. വർക്ക്ഷീറ്റ് : ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകന്മാരും ആശയങ്ങളും

| **ചിന്തകന്മാർ** | **ആശയങ്ങൾ** |
|---|---|
| വോൾട്ടയർ | - പുരോഹിതന്മരുടെ ചൂഷണത്തെ പരിഹസിച്ചു |
| റൂസ്സോ | - ................................................................................ |
| മൊൺടെസ്ക്യു | - ................................................................................ |

**ഉത്തരസൂചിക**

- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം
- സ്വതന്ത്രനായി ജീവിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്
- ജനങ്ങളാണ് പരമാധികാരി

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നിങ്ങനെ തിരിക്കണമെന്ന് വാദിച്ചു.

17. കാലഗണന പ്രകാരം ക്രമപ്പെടുത്തുക.

**ഉത്തരസൂചിക**

- ബാസ്തിയന്റെ പതനം
- വാട്ടർലൂ യുദ്ധം
- നെപ്പോളിയൻ അധികാരം പിടിച്ചെടുത്തു
- ഫ്രാൻസിലെ ദേശീയ കൺവെൻഷൻ

18. നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങൾ ?

**ഉത്തരസൂചിക**

- സിങ്കിംഗ് ഫണ്ട് ആരംഭിച്ചു
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
- നിയമസംഹിത നടപ്പിലാക്കി
- പുരോഹിതന്മാരുടെമേൽ നിയന്ത്രണം ഏർപ്പെടുത്തി
- ഗതാഗത പുരോഗതിക്കായി റോഡുകൾ നിർമ്മിച്ചു

19. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധീനം - പദസൂര്യൻ

**ഉത്തരസൂചിക**




**ഉത്തരസൂചിക**

- സ്വേച്ഛാധിപത്യ ഭരണകൂട ഭീഷണി
- മധ്യവർഗ്ഗത്തിന്റെ
- ദേശീയതയുടെ ആവിർഭാവം
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം നൽകി
- ജനകീയ പരമാധികാരം
- ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം

20. ലാറ്റിനഅമേരിക്കൻ വിമോചനത്തിന് നേതൃത്വം നൽകിവർ ?

- ഫ്രാൻസിസ് കൊ-മിരാൻഡ
- സൈമൺ ബൊളിവർ

- ജൊസെ-ഡി-സാൻമാർട്ടിൻ

21. യൂറോപ്യന്മാർ ലാറ്റിനഅമേരിക്കയിലെ സംസ്കാരത്തെ മാറ്റിമറിച്ചതെങ്ങനെ?

**ഉത്തരസൂചിക**

- സ്പാനിഷ്ഭാഷയും മതവും പ്രചരിപ്പിച്ചു.
- സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു.
- സ്പാനിഷ് രീതിയിലുള്ള വിദ്യാഭ്യാസം പ്രചരിപ്പിച്ചു.
- പാശ്ചാത്യ രോഗങ്ങൾ പ്രചരിച്ചു.

22. "വംശീയ വിവേചനമാണ് ലാറ്റിനമേരിക്കൻ ജനതയെ സമരത്തിലേക്ക് നയിച്ചത്" സമർത്ഥിക്കുക.

**ഉത്തരസൂചിക**

- ലാറ്റിൻ അമേരിക്കൻ ഖനികളിൽ നിന്നും സ്വർണ്ണവും വെള്ളിയും കവർന്നു.
- തോട്ടങ്ങളിലും മറ്റും തദ്ദേശീയരെ അടിമകളാക്കി പണിയെടുപ്പിച്ചു.
- സ്പെയിനിൽ നിർമ്മിക്കുന്ന വസ്തുക്കൾ കോളനിയിൽ നിർമ്മിക്കാൻ പാടില്ല.

23. ബൊൾഷെവിക്ക് വിപ്ലവത്തിനുശേഷം റഷ്യയിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തി ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

| **ഫെബ്രവരി വിപ്ലവം** | **ഓക്ടോബർ വിപ്ലവം** |
|---|---|
| - മെൻഷെവിക്കുകൾ നേതൃത്വം നൽകി<br>- ഒന്നാംലോക യുദ്ധത്തിൽ നിന്ന് പിന്മാറിയില്ല.<br>- സർ ചക്രവർത്തി ഭരണെം അവസാനിപ്പിച്ചു.<br>- പ്രഭുക്കന്മാർ ഭൂവുടമകളായിതുടർന്നു. | - ബൊൾഷെവിക്കുകൾ നേതൃത്വം നൽകി<br>- ഒന്നാംലോക യുദ്ധത്തിൽ നിന്ന് പിന്മാറി<br>- മെൻഷെവിക്കുകളുടെ ഭരണം അവസാനിച്ചു.<br>- കർഷകർക്ക് ഭൂമി വിതരണം ചെയ്തു.<br>- ഫാക്ടറികൾ, ബാങ്കുകൾ എന്നിവ പൊതു ഉടസ്ഥതയിലാക്കി |

24. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ കണ്ടെത്തുക ?

**ഉത്തരസൂചിക**

- കർഷകരും തൊഴിലാളികളും കഠിനമായി ദ്രോഹിക്കപ്പെട്ടിരുന്നു.
- സാർ ചക്രവർത്തിമാരുടെ ഏകാധിപത്യം
- 1905 ലെ റഷ്യ, ജർമ്മൻ യുദ്ധത്തിൽ റഷ്യക്കുണ്ടായ പരാജയം
- വ്യവസായ രംഗത്തെ വിദേശ ഇടപെടൽ

25 റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

**ഉത്തരസൂചിക**

- റഷ്യയിൽ ഫ്യൂഡൽ വ്യവസ്ഥിതി അവസാനിച്ചു.
- സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്ക് ഉണർവ്വേകി
- റഷ്യ വൻ ശക്തിയായി മാറി
- റഷ്യയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി നിലവിൽ വന്നു.
- USSR രൂപീകരിച്ചു.

26. റഷ്യയിൽ ഒരു താത്കാലിക ഗവൺമെന്റ് നിലവിൽ വരാനുണ്ടായ സാഹചര്യം വിശകലനം ചെയ്യുക.

- റഷ്യയിൽ എല്ലായിടത്തും സമരങ്ങൾ സംഘടിപ്പിക്കുന്നതിനായി സോവിയറ്റുകൾ എന്നറിയപ്പെട്ട തൊഴിലാളി സംഘടനകൾ രൂപീകരിച്ചു
- സമരം ശക്തമായതിനെ തുടർന്ന് ദ്യൂമ എന്ന നിയമ നിർമ്മാണ സഭ രൂപീകരിക്കാൻ ചക്രവർത്തി നിർബധിതനായി.
- 1914-ൽ ഒന്നാം ലോകയുദ്ധത്തിൽ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് യുദ്ധത്തിൽ പങ്കെടുക്കാൻ ചക്രവർത്തി തീരുമാനിച്ചു.
- 1917 അയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി
- 1917 മാർച്ച് 8 ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനം നടത്തി.
- പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.
- നിക്കോളസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൻഷെവിക് നേതവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താത്കാലിക ഗവൺമെന്റ് നിലവിൽ വന്നു.
- ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.

27. ചൈനീസ് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ – ഫ്ളോചാർച്ച്

സൂചിക : തുറന്ന വാതിൽ നയം – ഡോ. സൺയാത്സെൻ ലോങ്മാർച്ച്

കറുപ്പ് യുദ്ധം

↓

ബോക്സർ കലാപം

↓

മഞ്ചുരാജവംശം

↓

സൺയാത്സെൻ – കുമിതാങ്ങ്

↓

റിപ്പബ്ലിക്ക് ഗവണമെന്റ്

↓

ചിയാങ്കൈഷക് സൈനിക ആധിപത്യം

↓

കമ്മ്യൂണിസ്റ്റ് പാർട്ടി രൂപികരണം

↓

മാവോസേതുങ്ങ

↓

ലോങ്ങ് മാർച്ച്

↓

ജനകീയ റിപ്പബ്ലിക്ക്

28. 'എ' കോളത്തിനനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക

| എ | ബി |
|---|---|
| 1900 | ചൈന ജനകീയ റപ്പബ്ലിക് രൂപം കൊണ്ടു. |
| 1911 | ലോങ് മാർച്ച് |
| 1934 | ബോക്സർ കലാപം |
| 1949 | മഞ്ചു രാജഭരണത്തിനെതിരായ വിപ്ലവം |

**ഉത്തരസൂചിക**

1900 – ബോക്സർ കലാപം, 1911 – മഞ്ചുരാജവംശത്തിനെതിരായ വിപ്ലവം, 1934 – ലോങ്മാർച്ച്, 1949 – ചൈനീസ് ജനകീയ റിപ്പബ്ലിക്.

29. ചുവടെ തന്നിട്ടുള്ളതിൽ ‘എ’ വിഭാഗത്തിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കി അതുപോലെ ‘ബി’ വിഭാഗം പൂർത്തിയാക്കുക.

| | | |
|---|---|---|
| 1. | എ. സൈമൺ ബൊളിവർ | ലാറ്റിൻ അമേരിക്കൻ വിപ്ലവം |
| | ബി. മാക്സിം ഗോർക്കി | ...................................................... |
| 2. | എ. ഡോ. സൺയാത്സെൻ | ചൈനീസ് വിപ്ലവം |
| | ബി. ജൊസെ ഡി സാൻമാർട്ടിൻ | ...................................................... |
| 3. | എ. യെനാൻ | ലോങ്മാർച്ച് |
| | ബി. പെട്രോഗ്രാഡ് | ...................................................... |

**ഉത്തരസൂചിക**

1. റഷ്യൻ വപ്ലവം
2. ലാറ്റിൻ അമേരിക്കൻ വിപ്ലവം
3. മാവോസെതുംഗ്
4. റഷ്യ

30. ചൈന ഒരു ജനകീയ റിപ്പബ്ലിക് ആക്കുന്നതിൽ മാവോ സെതുംഗ് വഹിച്ച പങ്ക് വിശദമാക്കുക.

**ഉത്തരസൂചിക**

കമ്മ്യൂണിസ്റ്റ് നയങ്ങൾ - ചിയാങ് കൈഷക്കിനെതിരായ നിലപാട് - ലോങ് മാർച്ച് - ചുവപ്പ് സേന - ജനകീയ റിപ്പബ്ലിക്.

31.




32. വാട്ടർ ലൂ യുദ്ധത്തിന്റെ ചരിത്രപ്രധാന്യം എന്ത്?

1815 യൂറോപ്യൻ സഖ്യസൈന്യത്തോട് നെപ്പോളിയ പരാജയപ്പെട്ടു.

## അധ്യായം 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

1. എന്തുകൊണ്ടാണ് ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ അതിരുകൾ നേർരേഖയിലായത്?
   - യൂറോപ്യൻ രാജ്യങ്ങൾ ആഫ്രിക്കയെ പങ്കിട്ടെടുത്തു.
   - യാതൊരുവിധ തർക്കങ്ങളും ഇല്ലാതെ ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് വീതം വെയ്ക്കുകയായിരുന്നു.

2. കോളനി രാജ്യങ്ങളിൽ മൂലധനനിക്ഷേപണം നടത്താൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?
   - തൊഴിലാളികളുടെ കുറഞ്ഞകൂലി
   - അസംസ്കൃത വസ്തുക്കളുടെ ലഭ്യത
   - കുറഞ്ഞ ചെലവ്

3. കോളനിവൽക്കരണത്തിൽ നിന്ന് സാമ്രാജ്യത്വം എങ്ങനെയെല്ലാമാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

   **കോളനിവൽക്കരണം**
   - യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യൻ, ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ രാഷ്ട്രീയാധികാരവും സൈനികശേഷിയും ഉപയോഗിച്ച് നടത്തിയ ചൂഷണം.
   - യൂറോപ്യൻ രാജ്യങ്ങളിൽ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ കോളനിരാജ്യങ്ങളിൽ വിറ്റഴിക്കുക എന്നുള്ളതാണ്.


   **സാമ്രാജ്യത്വം**
   - കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടമാണ് സാമ്രാജ്യത്വം.
   - ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ആധിപത്യം.

4. ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ അവരുടെ ചൂഷണ നയങ്ങൾ നടപ്പിലാക്കിയത്?
   - നിയമവ്യവസ്ഥ
   - ഭരണസംവിധാനം
   - സൈനിക ശക്തി

5. സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

- പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു.
- തദ്ദേശീയ കല, വിദ്യാഭ്യാസം, ഭാഷ, സംസ്കാരം എന്നിവ തകർക്കപ്പെട്ടു.


6. ഒന്നാംലോക മഹായുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും എന്തൊക്കെ?





**ഫലങ്ങൾ**

- ദശലക്ഷകണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർദ്ധിച്ചു.
- കൃഷി, വ്യവസായം എന്നിവ തകർന്നു.
- സർവ്വരാജ്യസഖ്യം രൂപീകരിച്ചു.

7. ഒന്നാംലോക മഹായുദ്ധത്തിന് കാരണമായ സൈനികസഖ്യത്തിൽ ഉൾപ്പെട്ട രാജ്യങ്ങൾ ഏതൊക്കെ?




8. തീവ്രദേശീയത എന്നാൽ എന്ത്? ഇതിന്റെ ഫലമായി യൂറോപ്പിൽ രൂപംകൊണ്ട പ്രസ്ഥാനങ്ങൾ ഏതൊക്കെ?

സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതിനെയെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നതാണ് തീവ്രദേശീയത.

| | | |
|---|---|---|
| പാൻസ്ലാവ് പ്രസ്ഥാനം | – | സ്ലാവ് വംശജരുടെ ഏകീകരണം - റഷ്യ |
| പാൻജർമ്മൻ പ്രസ്ഥാനം | – | ട്യൂട്ടോണിക് വംശജരുടെ ഏകീകരണം - ജർമ്മനി |
| പ്രതികാര പ്രസ്ഥാനം | – | നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരികെ ലഭിക്കാൻ ഫ്രാൻസ് രൂപികരിച്ചത്. |

9. ഒന്നാംലോകമഹായുദ്ധത്തിന് കാരണമായ പ്രതിസന്ധികൾ ഏവ?

| | | |
|---|---|---|
| മൊറോക്കൻ പ്രതിസന്ധി | – | ആഫ്രിക്കൻ രാജ്യമായ മൊറോക്കൊ കൈവശപ്പെടുത്തുവാൻ ഫ്രാൻസും ജർമ്മനിയും നടത്തിയ ശ്രമങ്ങൾ. |
| ബാൾക്കൻ പ്രതിസന്ധി | – | തുർക്കി പ്രദേശങ്ങൾ പങ്കിട്ടെടുക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുണ്ടായ സംഘർഷം |

10. ഒന്നാംലോക മഹായുദ്ധത്തിന്റെ പെട്ടെന്നുള്ള കാരണം എന്ത്?

1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനാന്റിനെ സെർബിയൻ വംശജനായ പ്രിൻസെപ് വെടിവെച്ച് കൊന്നത്.

11. വേഴ്സായി സന്ധിയിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു?

(1919)

- യുദ്ധകുറ്റം ജർമ്മനിയുടെമേൽ
- ജർമ്മനി നഷ്ടപരിഹാരം നൽകണം
- ജർമ്മനിയുടെ കൈവശമുള്ള പ്രദേശങ്ങൾ സഖ്യകക്ഷികൾ പങ്കിട്ടെടുത്തു.
- ജർമ്മനിയെ നിരായുധീകരിച്ചു.

12. ഒന്നാംലോക മഹായുദ്ധാനന്തരം യൂറോപ്പിലുണ്ടായ രാഷ്ട്രീയ സാമ്പത്തിക മാറ്റങ്ങൾ എന്തെല്ലാമാണ്?

- സാമ്പത്തിക സ്ഥിതി താറുമാറായി
- പരമ്പരാഗത രാജവംശങ്ങൾക്ക് അധികാരം നഷ്ടപ്പെട്ടു.
  (ഹോഹൻ സോളൻ രാജവംശം, ഹാസ്ബർഗ് രാജവംശം, റോമനോവ്)
- ആഗോള വിനിമയത്തിന് ബ്രിട്ടീഷ് പൗണ്ടിന് പകരം അമേരിക്കൻ ഡോളറായി.
- പുതിയ സാമ്പത്തിക ശക്തിയായി അമേരിക്ക ഉയർന്നുവന്നു.

13. 1929 ലെ ലോക സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ ഏവ?

- യുദ്ധം ജനങ്ങളുടെ വാങ്ങൽ ശേഷി ഇല്ലാതാക്കി
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടികിടന്നു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി.
- ബാങ്കുകൾ തകർന്നു.
- പണപ്പെരുപ്പം വർദ്ധിച്ചു.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.

14. ഫാസിസത്തിന്റെയും നാസിസത്തിന്റെയും വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?

- സാമ്പത്തിക തകർച്ച
- യുദ്ധത്തിൽ ജയിച്ചവരോടുള്ള പ്രതികാര മനോഭാവം
- ലക്ഷ്യബോധമില്ലായ്മ
- രാഷ്ട്രീയ അനിശ്ചിതത്വം

15. ഫാസിസത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

- ജനാധിപത്യത്തോടുള്ള വിരോധം
- സോഷ്യലിസത്തോടുള്ള എതിർപ്പ്
- വംശമഹിമ ഉയർത്തിപ്പിടിക്കൽ
- തീവ്രദേശീയത
- രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കൽ

16. ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിൽ വരാനിടയായ സാഹചര്യം വിശദമാക്കുക.

- ഒന്നാം ലോകമഹായുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.
- രാജ്യം സോഷ്യലിസത്തിലേക്ക് പോകുമോ എന്നുള്ള ഭയം.
- പണപ്പെരുപ്പം, തൊഴിലില്ലായ്മ.

17. ഇറ്റലിയുടെ സാമ്രാജ്യത്വ മോഹങ്ങൾ ലോകരാജ്യങ്ങളെ മറ്റൊരു യുദ്ധത്തിലേക്ക് നയിച്ചു എന്നുപറയുന്നത് എന്തുകൊണ്ട്?

- മുസ്സോളിനിയുടെ സ്വേച്ഛാധിപത്യപരമായ നടപടികൾ
- ഹിംസാത്മകമായ നടപടികൾ

- ഫാസിസത്തെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയമാക്കിയത്.
- പ്രാചീന റോമാസാമ്രാജ്യത്തിന്റെ പുനഃസ്ഥാപനത്തിന് വേണ്ടി ശ്രമിച്ചത്.
- കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗം രൂപീകരിച്ചത്.
- അക്രമണോത്സുകമായ വിദേശനയം
- സാമ്രാജ്യത്വമോഹം

18. ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പാണ് നാസിസം എന്നുപറയുന്നത്. എന്തുകൊണ്ട്?

Or

ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സവിശേഷതകളിലെ സമാനതകൾ എന്തെല്ലാം?

- സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും എതിർത്തു.
- വംശമഹിമ
- ഭൂതകാല മഹത്വവൽക്കരണം
- പ്രതികാരമനോഭാവം
- എതിർക്കുന്നവരെ കൊന്നൊടുക്കി
- വീരാരാധന

19. ജർമ്മനിയിൽ ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

- വേഴ്സായി സന്ധി
- സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയം
- രാഷ്ട്രീയ അസ്ഥിരത
- ഹിറ്റ്ലറുടെ സംഘാടക മികവ്
- 'തവിട്ട് കുപ്പായക്കാർ' എന്ന സൈന്യം രൂപീകരിച്ചത്


21. രണ്ടാംലോകമഹായുദ്ധത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം?


- വേഴ്സായി സന്ധിയിലൂടെ ജർമ്മനിക്കേറ്റ അപമാനം.
- ഫാസിസത്തിന്റെയും നാസിസത്തിന്റെയും വളർച്ച
- സൈനിക സഖ്യങ്ങളുടെ രൂപീകരണം
- പ്രീണനനയം
- സർവ്വരാജ്യ സഖ്യത്തിന്റെ പരാജയം
- കോളനികൾക്ക് വേണ്ടിയുള്ള മത്സരം

22. പ്രീണന നയം എന്നാൽ എന്ത്?

ഫാഷിസ്റ്റ് ആക്രമണങ്ങൾക്ക് ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ നൽകിയ പ്രോത്സാഹനമാണ് പ്രീണനനയം.

23. രണ്ടാംലോക മഹായുദ്ധത്തിന് കാരണമായ സൈനിക സഖ്യങ്ങൾ ഏതൊക്കെയാണ്?




24. രണ്ടാംലോക മഹായുദ്ധത്തിന് പെട്ടെന്നുള്ള കാരണം എന്ത്?

1939 സെപ്തംബർ 1 ന് ജർമ്മനി പോളണ്ട് ആക്രമിച്ചത്.

25. രണ്ടാംലോകമഹായുദ്ധത്തിന്റെ ഫലകങ്ങൾ എന്തെല്ലാം?

- ഹിരോഷിമയിലും നാഗസാക്കിയിലും ഉണ്ടായ ആറ്റം ബോംബിന്റെ ഉപയോഗം ദശ ലക്ഷകണക്കിന് പേർ കൊല്ലപ്പെട്ടു.
- യൂറോപ്പ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി.
- ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.

26. 1945 ഒക്ടോബർ 24 ന് രൂപീകരിച്ച ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?

- ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക
- അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

27. അപകോളനീകരണം എന്നാൽ എന്ത്?

സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്ന് കോളനികൾ സ്വാതന്ത്ര്യം നേടിയതാണ് അപകോളനീകരണം.

28. അപകോളനീകരണത്തിന് നേതൃത്വം കൊടുത്ത പ്രധാന നേതാക്കളെയും രാഷ്ട്രങ്ങളെയും പട്ടികപ്പെടുത്തുക.

| | | |
|---|---|---|
| ഗാന്ധിജി | – | ഇന്ത്യ |
| നെൽസൺ മണ്ടേല | – | ദക്ഷിണാഫ്രിക്ക |
| ക്വാമി എൻക്രുമ | – | ഘാന |
| ജോമോ കെനിയാത്ത | – | ഘാന |

29. ശീതസമരം എന്നാൽ എന്ത്?

സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം എന്നറിയപ്പെടുന്നത്.

30. ചേരിചേരാ പ്രസ്ഥാനം എന്നാൽ എന്ത്?

മുതലാളിത്ത ചേരിയുടെയോ സോവിയറ്റ് ചേരിയുടെയോ ഭാഗമാകാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.

| നേതൃത്വം നൽകിയവർ | രാഷ്ട്രം |
|---|---|
| ജവഹർലാൽ നെഹ്റു | ഇന്ത്യ |
| ഗമാൽ അബ്ദുൽ നാസർ | ഈജിപ്ത് |
| മാർഷൽ ടിറ്റോ | യുഗോസ്ലാവിയ |
| അഹമ്മദ് സുക്കാർണോ | ഇന്തോനേഷ്യ |

31. പശ്ചിമേഷ്യൻ സംഘർഷം

ബാൽഫർ പ്രഖ്യാപനം

സിയോണിസ്റ്റ് പ്രസ്ഥാനം

പാലസ്തീൻ വിമോചന സംഘടന

ഓസ്ലോകരാർ (യാസർ അരാഫത്ത്)

32. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ എന്തെല്ലാം?

- സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം
- പ്രതിരോധത്തിന് അമിത പ്രാധാന്യം നൽകിയത്
- ഗോർബച്ചേവിന്റെ പരിഷ്കാരങ്ങൾ
- അഴിമതി

33. ആഗോള രംഗത്ത് തങ്ങളുടെ ആധിപത്യം നിലനിർത്താൻ അമേരിക്ക സ്വീകരിച്ച തന്ത്രങ്ങൾ എന്തെല്ലാം?

- അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി.
- സൈനിക സഖ്യങ്ങൾ വ്യാപിപ്പിച്ചു.
- മാധ്യമങ്ങളെ തങ്ങളുടെ താല്പര്യങ്ങൾക്കായി ഉപയോഗിച്ചു.

34. നവസാമ്രാജ്യത്വം എന്നാൽ എന്ത്?

ബഹുരാഷ്ട്ര കമ്പനികൾ അവരുടെ താല്പര്യത്തിന് വേണ്ടി അവികസിത രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിലുള്ള ഇടപെടലാണ് നവസാമ്രാജ്യത്വം.

35. നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങൾ എന്തെല്ലാം?

- ഉദാരവൽക്കരണം
- ആഗോളവൽക്കരണം
- സ്വകാര്യവൽക്കരണം

**ഉദാരവൽക്കരണം** : ഇറക്കുമതി കയറ്റുമതി നയങ്ങൾ ഉദാരമാക്കി.

**സ്വകാര്യവൽക്കരണം :** പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചു.

**ആഗോളവൽക്കരണം :** കമ്പോളങ്ങൾ തമ്മിൽ അതിരുകളില്ലാതായി.

36. ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഏതൊക്കെ?

- IMF
- WTO

37. ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ എപ്രകാരമാണ് ബാധിച്ചത്?

- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ച
- പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു
- സാമൂഹിക സേവനമേഖലകളിൽ നിന്ന് സർക്കാർ പിന്മാറി
- പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു

38. 'എ' കോളത്തിന് യോജിച്ചവ 'ബി' കോളത്തിൽ നിന്ന് കണ്ടെത്തുക.

| എ | ബി |
|---|---|
| ഹിറ്റ്ലർ | ഘാന |
| വേഴ്സായി സന്ധി | പശ്ചിമേഷ്യ |
| സോവിയറ്റ് യൂണിയന്റെ തകർച്ച | ഗസ്റ്റപ്പോ |
| മുസ്സോളിനി | ഒന്നാംലോകയുദ്ധം |
| യാസർ അറാഫത്ത് | ഗോർബച്ചേവ് |
| ക്വാമി എൻക്രൂമ | ഇറ്റലി |

**ഉത്തരസൂചിക**

| | |
|---|---|
| ക്വാമി എൻക്രൂമ | - ഘാന |
| വേഴ്സായിസന്ധി | - ഒന്നാംലോകയുദ്ധം |
| സോവിയറ്റ് യൂണിയന്റെ തകർച്ച | - ഗോർബച്ചേവ് |
| മുസ്സോളിനി | - ഇറ്റലി |
| യാസർ അറാഫത്ത് | - പശ്ചിമേഷ്യ |
| ഹിറ്റ്ലർ | - ഗസ്റ്റപ്പോ |

# യൂണിറ്റ് 3
# പൊതുഭരണം


**ആശയങ്ങൾ**

**പൊതുഭരണം എന്ത്? എന്തിന്?**

പൊതുഭരണത്തിന്റെ പ്രാധാന്യം, ഉദ്യോഗസ്ഥവൃന്ദവും പ്രത്യേകതകളും.

ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദം - ഇന്ത്യൻ സിവിൽ സർവ്വീസ്, ഭരണനവീകരണ നടപടികൾ, ഇ-ഗവേണൻസ്, അറിയാനുള്ള അവകാശം, വിവരാവകാശ കമ്മീഷൻ, സേവന അവകാശ നിയമം, ലോകപാൽ, ലോകായുക്ത, സെൻട്രൽ വിജിലൻസ് കമ്മീഷൻ, ഓംബുഡ്സ്മാൻ.

1. പദസൂര്യൻ പൂർത്തിയാക്കുക




**ഉത്തരസൂചിക**

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു.

2. പൊതുഭരണത്തെ കുറിച്ച് എൻ.ഗ്ലാഡന്റെ നിർവചനം
   - പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്

3 പൊതുഭരണം എന്നാൽ എന്ത്?

രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ ഗവൺമെന്റിന്റെ നയപരിപാടികൾ, വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നുപറയുന്നു.

4. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
   - ജനക്ഷേമം ഉറപ്പാക്കുന്നു
   - ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
   - സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

5.. പൊതുഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക

- പൊതുഭരണ ശൃംഖല ചലനാത്മകമാക്കുന്നു
- ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നു
- രാജ്യത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നു.

6.. ഉദ്യോഗസ്ഥവൃന്ദത്തിന്റെ പൊതുവായ സവിശേഷതകൾ - ഫ്ളോചാർട്ട്

ശ്രേണീപരമായ സംഘാടനം

↓

............................

↓

............................

↓

............................

↓

വൈദഗ്ധ്യം

**ഉത്തരസൂചിക**

സ്ഥിരത, യോഗ്യത അടിസ്ഥാനമാക്കി നിയമനം, രാഷ്ട്രീയ നിഷ്പക്ഷത

7.

**ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദം**

↓

**ഇന്ത്യൻ സിവിൽ സർവ്വീസ്**

↓

| **അഖിലേന്ത്യാ സർവ്വീസ്** | **കേന്ദ്രസർവ്വീസ്** | **സംസ്ഥാന സർവ്വീസ്** |
|---|---|---|
| - ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു<br>- കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു.<br>ഉദാ:- IAS, IPS | - ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു<br>- കേന്ദ്ര ഗവൺമെന്റിന് മാത്രം അംഗീകാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കുന്നു.<br>ഉദാ:- ഇന്ത്യൻ ഫോറിൻ സർവ്വീസ്, ഇന്ത്യൻ റെയിൽവെ സർവ്വീസ് | - സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കുന്നു.<br>- സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കുന്നു.<br>ഉദാ:- സെയിൽ ടാക്സ് ഓഫീസർ |

8. ഇന്ത്യൻ സിവിൽ സർവീസ്

- കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും, വിവിധ പൊതു മേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഇന്ത്യയുടെ സർവ്വീസിന്റെ ഭാഗമാണ്.

9. ഇ-ഗവേണൻസിന് ഉദാഹരണങ്ങൾ എഴുതുക?

- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏക ജാലക അപേക്ഷ
- വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ

10. രാജഭരണം,, ജനാധിപത്യം തുടങ്ങിയ, ഭരണ രീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും എന്തെല്ലാം?

- രാജഭരണകാലത്ത് രാജാവിന്റെ താൽപര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം
- ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ താൽപര്യങ്ങളാണ് പ്രധാനം
- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണ സംവിധാനത്തിലൂടെയാണ്.

11. പൊതുഭരണം കൊണ്ട് ആർക്കൊക്കെ എന്തൊക്കെ സേവനങ്ങൾ ലഭിക്കണമെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം?

- എല്ലാവരുടെയും താത്പര്യം സംരക്ഷണമാണ് പൊതുഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്.
- കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവർക്ക് പൊതുഭരണം അവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.
- ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ചു.

12. എന്താണ് ഭരണ നവീകരണം

- ഭരണ നിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെന്റുകൾ പലനടപടിക്കളും സ്വീകരിച്ചിട്ടുണ്ട്.
- ഇതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഭരണ പരിഷ്കാര കമ്മീഷനുകൾ രൂപീകരീക്കാറുണ്ട്.

13. ഇ-ഗവണേൺസ് എന്നാലെന്ത്?

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണംഗത്തെ ഉപയോഗം.

14. ഇ-ഗവേൺസ് - നേട്ടങ്ങൾ എന്തെല്ലാം?

- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.

15. വിവരാവകാശ നിയമത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

- മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടന നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി നിലവിൽ വന്നു.
- 2005 ൽ നിയമം പ്രാബല്യത്തിൽ വന്നു
- ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നു
- അഴിമതി നിയന്ത്രിക്കുന്നു
- ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വബോധം ഉണ്ടാക്കുന്നു.

16. സേവനാവകാശ നിയമത്തെക്കുറിച്ച് വിവരിക്കുക.

- സർക്കാർ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്നു.
- എല്ലാ ഓഫീസിലും അപേക്ഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സഹായിക്കുന്നതിനുമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടാവും.

17.. ലോക്പാൽ എന്നാലെന്ത്?

ദേശീയതലത്തിൽ അഴിമതി കേസ്സുകൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നു.

18. ലോകായുക്ത എന്നാലെന്ത്?

സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നു.

19. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ സേവനങ്ങളേവ?

- അഴിമതി തടയുന്നതിന് ദേശീയതലത്തിൽ 1964 ൽ രൂപീകരിച്ചു.
- വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് ചുമതല.

20.. സംസ്ഥാന വിജിലൻസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ;

സംസ്ഥന തലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നു.

21. ഓംബുഡ്സ്മാന്റെ സേവനങ്ങൾ എന്തെല്ലാം?

- ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചുമതലകളിൽ വീഴ്ച വരുത്തിയാൽ പരാതി നൽകാനുള്ള സംവിധാനം.
- ജനങ്ങൾക്ക് നേരിട്ട് പരാതി സമർപ്പിക്കാം.

- സർവ്വീസിൽ നിന്നും വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുക.

22. പി.എസ്.സി., യു.പി.എസ്.സി. എന്നിവയെ ഭരണഘന സ്ഥാപനങ്ങൾ എന്നുവിളിക്കുന്നതെന്തുകൊണ്ട്?
    - പി.എസ്.സി., യു.പി.എസ്.സി. എന്നിവ ഭരണഘടന നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങൾ ആയതുകൊണ്ട്.

23. വിവരാവകാശ നിയമം നിലവിൽ വന്നതെപ്പോൾ?
    2005

24. ഏത് സംഘടനയുടെ പ്രവർത്തനഫലമായിട്ടാണ് വിവരാവകാശ നിയമം നിലവിൽ വന്നത്?
    മസ്ദൂർ കിസാൻ ശക്തി സംഘാതൻ

25.

| **പി.എസ്.സി.**<br>**പബ്ലിക്ക് സർവ്വസ് കമ്മീഷൻ** | **യു.പി.എസ്.സി.**<br>**യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ** |
|---|---|
| - സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ- തെരഞ്ഞെടുക്കുന്നു. | കേന്ദ്രസർവ്വീസിലേക്കും അഖിലേന്ത്യ സർവ്വിസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു. |
| - കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണറാണ്. | - കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്. |
| - മത്സരപരീക്ഷയുടെയോ അഭിമുഖ-ത്തിന്റെയോ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നു. | - മത്സരപരീക്ഷയുടെയോ അഭിമുഖത്തിന്റെയോ അടിസ്ഥനത്തിൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നു. |

26. കേന്ദ്രസർവ്വീസും അഖിലേന്ത്യ സർവ്വീസും തമ്മിലുള്ള വ്യത്യാസമെന്ത്?
    കേന്ദ്രസർവ്വീസ് - കേന്ദ്ര ഗവൺമെന്റിനുമാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
    അഖിലേന്ത്യാ സർവ്വീസ് - കേന്ദ്രസർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു.

27. യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കേണ്ടതാര്?
    രാഷ്ട്രപതി

**അധ്യായം 4**

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**ആശയങ്ങൾ**

- ബ്രിട്ടീഷ് ഭരണത്തിലെ ഭൂനികുതി വ്യവസ്ഥകൾ
  - ശാശ്വത ഭൂനികുതി
  - റയട്ട് വാരി
  - മഹൽവാരി

- ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾ
  - നീലം കലാപം
  - മാപ്പിള കലാപം
  - സന്താൾ കലാപം
  - കുറിച്യ കലാപം

- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച
  - തുണിവ്യവസായം
  - മൺപാത്ര നിർമ്മാണം
  - തുകൽപണി, മരപ്പണി

- 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം
  - കലാപകാരണം
  - കലാപകേന്ദ്രങ്ങൾ
  - കലാപത്തിന്റെ പ്രത്യേകത

- ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരണം
  - ആദ്യകാല ദേശീയ നേതാക്കൾ
  - ചോർച്ചാ സിദ്ധാന്തം

- ബംഗാൾ വിഭജനം
  - സ്വദേശി പ്രസ്ഥാനം
  - ദേശീയതയുടെ ശക്തിപ്പെടൽ

1. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള വിവിധ നികുതികളെ താരതമ്യം ചെയ്ത് വിട്ടഭാഗം പൂർത്തീകരിക്കുക.

| ശാശ്വത നികുതി | റയറ്റ്വാരി | മഹൽവാരി |
|---|---|---|
| ബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ പ്രദേശങ്ങളിൽ | .......(എ)....... | വടക്ക്-പടിഞ്ഞാറ് ഇന്ത്യയിൽ |
| ......(ബി)....... | ഉദ്യോഗസ്ഥർ നേരിട്ട് നികുതി പിരിച്ചു | മഹലിലെ ഗ്രാമത്തല വൻ നികുതി പിരിച്ചു. |
| ഭൂമിയുടെ ഉടമ സെമീന്ദാർ കർഷകൻ കുടിയാൻ | കൃഷിഭൂമിയുടെ ഉടമ കർഷകൻ | ......(സി)...... |
| ......(ഡി)..... | അമിതനികുതി നിരക്ക് | അമിതനികുതി നിരക്ക് |
| നികുതി പണമായി നിശ്ചിത സമയത്ത് നൽകണം | നികുതി പണമായി നൽകണം | ......(ഇ)..... |

**ഉത്തരസൂചിക**

എ) ദക്ഷിണേന്ത്യയിൽ നടപ്പാക്കി

ബി) സെമീന്ദാർ നികുതി പിരിച്ചു.

സി) കൃഷിഭൂമിയുടെ ഉടമസ്ഥൻ കർഷകൻ

ഡി) അമിത നികുതി, വിളവിന്റെ 60%

ഇ) നികുതി നിശ്ചയിച്ച സമയത്ത് പണമായി നൽകണം.

2. ബ്രിട്ടീഷ് നയങ്ങൾ കൃഷിയെ വാണിജ്യവത്കരിച്ചതെങ്ങനെ?

**ഉത്തരസൂചിക**

- ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്തപ്പോഴുള്ള മാറ്റമാണ് കൃഷിയിലെ വാണിജ്യവൽക്കരണം.
- ബ്രിട്ടീഷുക്കാരുടെ അമിതനികുതി
- നിശ്ചിത സമയത്ത് നികുതി പണമായ് നൽകണം
- പ്രതികൂല സാഹചര്യത്തിൽ കർഷകർ യൂറോപ്യൻ ഫാക്ടറിയിലേക്ക് ആവശ്യമുള്ള വിള കൃഷിചെയ്യാൻ തുടങ്ങി.
  ഉദാ: നീലം, പരുത്തി, കരിമ്പ്, തേയില

3. ഇന്ത്യയിൽ നീലം കൃഷി വ്യാപിച്ചതെങ്ങനെ?

- 18-ാം നൂറ്റാണ്ടിലെ വ്യവസായവിപ്ലവം തുണി നിർമ്മാണ രംഗത്ത് മാറ്റം ഉണ്ടാക്കി.
- നീലം കൃഷിയുടെ ആവശ്യകത വർദ്ധിച്ചു.

- നികുതിയാൽ പ്രയാസപ്പെടുന്ന കർഷകർക്ക് വലിയ തുക ബ്രിട്ടീഷുകാരിൽ നിന്നും കിട്ടിയപ്പോൾ ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ ചെയ്തു.

4. ബ്രിട്ടീഷുകാർക്കെതിരെ ഗോത്രവിഭാഗങ്ങൾ നടത്തിയ സമരങ്ങൾ?

**1. സന്താൾ കലാപം**

- ബംഗാൾ, ബീഹാർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ രാജ്മഹൽ കുന്നിന്റെ താഴ്വരയിൽ ജീവിച്ചവർ - സന്താൾ ജനത
- ബ്രിട്ടീഷുകാർ വനങ്ങളെ സംരക്ഷിതമേഖലയാക്കി പ്രഖ്യാപിച്ചു. അവർക്ക് കാട്ടിലേക്ക് പ്രവേശനം നിഷേധിച്ചു. കാട്ടിൽ നിന്ന് ശേഖരിച്ച വിഭവങ്ങൾക്ക് അമിത നികുതി വാങ്ങി.
- സെമീന്ദാർമാരും പലിശക്കാരും സാന്താളരുടെ ഭൂമി കൈക്കലാക്കി.
- റെയിൽവേ, തോട്ടം വ്യവസായം എന്നിവയുടെ ജോലിക്ക് അടിമകളെപ്പോലെ പണിയെടുപ്പിച്ചു.
- സിദ്ദു, കാനു എന്നിവർ കലാപത്തിന് നേതൃത്വം നൽകി. ബ്രിട്ടീഷുകാർ കലാപം അടിച്ചമർത്തി.

**2. കുറിച്യ കലാപം**

- വയനാട്ടിലെ ഗോത്ര ജനതയാണ് കുറിച്യർ, കുറുമ്പർ
- ബ്രിട്ടീഷ്കാർ അമിത നികുതി ചുമത്തി
- നികുതി പണമായ് പിരിച്ചെടുത്തു.
- നികുതി അടക്കാത്തവരുടെ ഭൂമി പിടിച്ചെടുത്തു.
- കുറിച്യ നേതാവ് രാമൻ നമ്പി കലാപത്തിന് നേതൃത്വം നൽകി.
- രാമൻ നമ്പി വധിക്കപ്പെട്ടു. കലാപം അടിച്ചമർത്തി.


5. ബ്രിട്ടീഷുകാർക്കെതിരെ നടന്ന കർഷക സമരങ്ങളെ വിലയിരുത്തുക.

| **നീലം കർഷക കലാപം 1859** | **മലബാർ കലാപം 1921** |
|---|---|
| - നീലത്തിന് കുറഞ്ഞ വില നൽകി ബ്രിട്ടീഷുകാർ കർഷകരെ ചൂഷണം ചെയ്തു.<br>- കൃത്രിമച്ചായങ്ങൾ കണ്ടെത്തിയത് നീലത്തിന്റെ ആവശ്യം കുറച്ചു.<br>- നീലം കർഷകർ 1859 ൽ ബംഗാളിൽ സംഘടിച്ചു. നീലം കൃഷി ഉപേക്ഷിക്കുന്നു എന്ന് പ്രഖ്യാപിച്ചു. | - മലബാറിലെ മുസ്ലീംങ്ങൾ മാപ്പിള എന്നറിയപ്പെട്ടു.<br>- ജന്മിയുടെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തു.<br>- ബ്രിട്ടീഷുകാർ ചൂഷണം ചെയ്തു. ജന്മിമാർ കുടിയൊഴിപ്പിക്കൽ നടത്തി.<br>- 1921- ൽ ജന്മിമാർക്കെതിരെയും ബ്രിട്ടീഷു |

| | |
|---|---|
| - നീലം കർഷകർ ഫാക്ടറികൾ ആക്രമിച്ചു. ബ്രിട്ടീഷുകാരെ പിന്തുണച്ചവരെ ബഹിഷ്ക രിച്ചു.<br>- സ്ത്രീകൾ, കൊൽക്കത്തയിൽ നിന്നെ ത്തിയ വിദ്യാസമ്പന്നർ എന്നിവർ കലാപ ത്തിൽ പങ്കെടുത്തു.<br>- ബ്രീട്ടീഷ് നിയോഗിച്ച കമ്മീഷൻ നീലം കൃഷി നിർത്താൻ നിർദ്ദേശിച്ചു. | കാരുടെ നികുതി നയങ്ങൾക്കെതിരെയും കലാപം നടന്നു.<br>- MSP എന്നു പോലീസ് സേനയുടെ സഹാ യത്താൽ കലാപം അടിച്ചമർത്തി. |

6. ഇന്ത്യയിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ച ശേഷം ഫാക്ടറി തൊഴിലാളികൾ പ്രക്ഷോപം നടത്താനുള്ള കാരണങ്ങൾ കണ്ടെത്തി പദസൂര്യൻ നിർമ്മിക്കുക.

**ഉത്തരസൂചിക**




7. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ

| പരമ്പരാഗത വ്യവസായം | തകർച്ചയ്ക്കുള്ള കാരണം |
|---|---|
| തുണി വ്യവസായം | - അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി |
| | - ഉല്പന്നങ്ങളുടെ കുറഞ്ഞ വില |
| | - കുറഞ്ഞ കൂലി |
| മൺപാത്ര നിർമ്മാണം | - അലുമിനിയം പാത്രത്തിന്റെ ഇറക്കുമതി |
| തുകൽപ്പണി | - തുകൽ യൂറോപ്പിലേക്ക് കയറ്റുമതി |
| മരപ്പണി | - ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം |

8. 1857 - ലെ ഒന്നാം സ്വാതന്ത്ര്യസമരം

**കാരണങ്ങൾ**

- കർഷകരുടെ ദുരിതം
- രാജാക്കന്മാർ നേരിട്ട പ്രയാസം
- ശിപായിമാർക്കിടയിലെ പ്രശ്നങ്ങൾ

- മതവികാരം വ്രണപ്പെട്ടത്
- കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം
- പരമ്പരാഗത വ്യവസായ തകർച്ച

**പ്രത്യേകതകൾ**

- ശിപായിമാർക്കിടയിൽ കലാപം ആരംഭിച്ചു - മംഗൽപാണ്ഡെ
- രാജാക്കന്മാർ, കർഷകർ, കരകൗശല പണിക്കാർ എന്നിവർ പങ്കെടുത്തു.
- ഹിന്ദു മുസ്ലിം ഐക്യം

**കലാപ നേതൃത്വം**

- ഡൽഹി – ബഹദൂർഷ
- ഝാൻസി – റാണിലക്ഷ്മിഭായി
- കാൺപൂർ – നാനാസാഹിബ്

9. സ്വദേശി പ്രസ്ഥാനവും സമരവും
   - ബ്രിട്ടീഷ് ഉത്പന്നബഹിഷ്കരണം
     തദ്ദേശവസ്തുവിന്റെ ഉപയോഗം
   - സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ
     എന്നിവർ സമരത്തിൽ പങ്കെടുത്തു.
   - സ്വദേശി വ്യവസായം ആരംഭിച്ചു.
     (തുണിമിൽ, ഇരുമ്പുരുക്ക്, ബാങ്കുകൾ)

10. ചോർച്ച സിദ്ധാന്തം

    ഇന്ത്യയിലെ സമ്പത്തിന്റെ നല്ലൊരു പങ്ക് ബ്രിട്ടനിലേക്ക് ഒഴുകിയതിനാൽ ഇന്ത്യയിൽ പട്ടിണിയും ദാരിദ്ര്യവും ഉണ്ടായി എന്ന ദാദാബായ് നവറോജിയുടെ നിഗമനം.

11. ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്ന വഴികൾ
    - അസംസ്കൃത വസ്തുവിന്റെ കയറ്റുമതി
    - ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ശമ്പളവും പെൻഷനും
    - ബ്രിട്ടീഷ് നിർമ്മിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക വഴി
    - ഇന്ത്യയിൽ നിന്ന് പിരിച്ചെടുത്ത നികുതികൾ

12. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ച വർഷം?

    – 1885 ഡിസംബർ ബോംബെ

13. മലബാർ കലാപത്തെക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷുകാർ നിയോഗിച്ച കമ്മീഷൻ ഏത്?
    - വില്യം ലോഗൻ കമ്മീഷൻ

14. ദാദാബായ് നവറോജി ചോർച്ച സിദ്ധാന്തം അവതരിപ്പിച്ച ഗ്രന്ഥം?

പവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇന്ത്യ

15. "മെച്ചപ്പെട്ട വിദേശ ഭരണത്തേക്കാൾ നല്ലത് തദ്ദേശീയരുടെ മെച്ചപ്പെട്ട ഭരണമാണ്" എന്ന് പറഞ്ഞത്?

ബാലഗംഗാധര തിലക് (ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്)

16. ലാൽ-പാൽ-ബാൽ എന്നറിയപ്പെട്ട ദേശീയ നേതാക്കൾ?

ലാലാ-ലജ്പത്റായ്, ബിപിൻചന്ദ്രപാൽ, ബാലഗംഗാധര തിലക്

17. ജാതി-മത-വർഗ്ഗ-പ്രാദേശിക വ്യത്യസ്തമില്ലാതെ ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നില നിൽക്കുന്ന ഐക്യബോധം?

ദേശീയത